"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ബഹുമാനപ്പെട്ട മാവേലിക്കര എം.എ.സി.റ്റി മുമ്പാകെയുള്ള ഒ.പി (എം.വി) 357/2021 നമ്പർ വ്യവഹാരത്തിന്റെ വിധി തുക കെട്ടിവയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 4042/2026/ധന** **തീയതി, തിരുവനന്തപുരം, 30/04/2026**

പരാമർശം :- 1. ബഹു. മാവേലിക്കര എം.എ.സി.റ്റി മുമ്പാകെയുള്ള ഒ.പി (എം.വി) 357/2021 നമ്പർ വ്യവഹാരത്തിന്മേലുള്ള 01/09/2025 ലെ വിധി.

2. ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 19/03/2026 തീയതിയിലെ കെ.എസ്.ഐ.ഡി/സ്യൂട്ട്/എസ്5/ഒ.പി(എം.വി) 357/2021 നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷ്വറൻസ് വകുപ്പിൽ പരിരക്ഷയുണ്ടായിരുന്ന KL-01-AY-1643 എന്ന നമ്പർ വാഹനം 25/03/2019 തീയതിയിൽ അപകടത്തിൽപ്പെടുകയും ശ്രീ. രാജീവ് കുഞ്ഞിരാമൻ എന്ന വ്യക്തി മരണപ്പെടുകയും ചെയ്തു. ടിയാളുടെ അനന്തരാവകാശികൾ ഇൻഷ്വറൻസ് വകുപ്പിനെ മൂന്നാം എതിർകക്ഷിയാക്കി ബഹു. മാവേലിക്കര എം.എ.സി.റ്റി യിൽ ഒ.പി (എം.വി) 357/2021 നഷ്ടപരിഹാര ഹർജി ഫയൽ ചെയ്തു. ബഹു. മാവേലിക്കര എം.എ.സി.റ്റി-യുടെ പരാമർശം (1) വിധി പ്രകാരം 13,15,000/- രൂപ (പതിമൂന്ന് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) ഹർജി തീയതിയായ 26/03/2021 മുതൽ 8% പലിശ നിരക്കിൽ 40:20:20:20 അനുപാതത്തിൽ 1 മുതൽ 4 വരെയുള്ള ഹർജിക്കാർക്ക് നൽകുന്നതിനും, കോടതി ചെലവിനത്തിൽ 14,373/- രൂപയും, ലീഗൽ ബെനഫിറ്റ് ഫണ്ട് ഇനത്തിൽ 15,000/- രൂപയും, പ്രൊപ്പോഷണേറ്റ് കോസ്റ്റായി 85,975/-രൂപയും കെട്ടിവയ്ക്കുന്നതിനുമുള്ള അനുമതി നല്കണമെന്ന് പരാമർശം (2) പ്രകാരം ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. മാവേലിക്കര എം.എ.സി.റ്റി-യുടെ പരാമർശം (1) പ്രകാരമുള്ള വിധി തുകയായ 13,15,000/- രൂപ (പതിമൂന്ന് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) ഹർജി തീയതിയായ 26/03/2021 മുതൽ 8% പലിശ നിരക്കിൽ 40:20:20:20 അനുപാതത്തിൽ 1 മുതൽ 4 വരെയുള്ള ഹർജിക്കാർക്ക് നൽകുന്നതിനും, അതോടൊപ്പം കോടതി ചെലവിനത്തിൽ 14,373/- രൂപയും, ലീഗൽ ബെനഫിറ്റ് ഫണ്ട് ഇനത്തിൽ 15,000/- രൂപയും പ്രൊപ്പോഷണേറ്റ് കോസ്റ്റായി 85,975/- രൂപയും കെട്ടിവയ്ക്കുവാൻ ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. പലിശ തുകയുടെ കൃത്യത ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

3. പ്രസ്തുത ചെലവ് "8011-ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട് -105 സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട്-98(01) ആക്സിഡന്റ് ഇൻഷ്വറൻസ് ഫണ്ട് എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്ജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, പട്ടം, പട്ടം പാലസ്.പി.ഒ, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. ഇ 3453330/എസ്റ്റാ-ഡി3/16/2026-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ